(ബി) മിനിമം വേതനം എത്ര തൊഴിൽ മേഖലകളിലാണ് പുതുക്കി നിശ്ചയിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) മിനിമം വേതനം നൽകാത്ത തൊഴിലുടമകൾക്കെതിരെ എന്തെല്ലാം നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) 74 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ച് നടപ്പിലാക്കിവരുന്നു.

(ബി) 74 തൊഴിൽ മേഖലകളിലും നിയമം അനുശാസിക്കുംവിധം യഥാസമയം മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) മിനിമം വേതനം നൽകാത്ത തൊഴിലുടമകൾക്കെതിരെ നിയമ നടപടികൾ, ക്ലെയിം പെറ്റിഷൻ ഫയൽ ചെയ്യൽ എന്നിവ സ്വീകരിച്ചുവരുന്നു.

സ്വാശ്രയ ആർട്സ് & സയൻസ് കോളേജിലെ വിദ്യാർത്ഥികൾക്ക് ധനസഹായം

20 (*650) ശ്രീ. പി. സി. ജോർജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ ചേർന്ന് പഠിക്കുന്നതിന് നിലവിൽ എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്നതിന് മേൽ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കു നിലവിൽ ധനസഹായം നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം അടിയന്തരമായി പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ) പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള പൊതുഉത്തരവിലെ ജി.ഒ.(പി) നമ്പർ. 50/2009/പ.ജാ.പ.വ.വി.വ. തീയതി 2-7-2009 മാനദണ്ഡങ്ങൾക്ക് വിധേയമായി സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ ചേർന്നുപഠിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ്, പരീക്ഷാഫീസ്, ഹോസ്റ്റൽ താമസച്ചെലവ് എന്നിവ അനുവദിച്ചുവരുന്നു.

(ബി) സാമൂഹ്യ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ബിരുദ/ ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് നിലവിൽ വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നില്ല. ഇക്കാര്യം പരിശോധിച്ചുവരുന്നു.

ശൗചാലയ നിർമ്മാണത്തിന് ധനസഹായം

21 (*651) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി കുടുംബങ്ങൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടിയ ശൗചാലയ നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) അർഹരായവരെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ ;

(സി) മുൻകാലങ്ങളിൽ വീടുവയ്ക്കാൻ ധനസഹായം ലഭിച്ചിട്ടുള്ളവർക്ക് ഇതിന് അർഹതയുണ്ടാകുമോ ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ) രൂപീകരിച്ചിട്ടുണ്ട്. പട്ടികജാതി കുടുംബങ്ങൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടിയ ശൗചാലയം നിർമ്മിക്കുന്ന പദ്ധതി 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. ടി രണ്ട് സാമ്പത്തികവർഷങ്ങളിലും 25000 പേർക്ക് വീതം ആകെ 50000 പേർക്ക് 25,000 രൂപ നിരക്കിൽ നൽകുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) വാസയോഗ്യമായ വീടുള്ളതും ശുചിത്വമുള്ള ടോയ്ലറ്റ് ഇല്ലാത്തതുമായ പട്ടികജാതി കുടുംബങ്ങളെയാണ് ടോയ്ലറ്റ് പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിനായി തെരഞ്ഞെടുക്കുന്നത്.

(സി) മുൻകാലങ്ങളിൽ വീടുവയ്ക്കാൻ ധനസഹായം ലഭിച്ചിട്ടുള്ളവരിൽ വാസയോഗ്യമായ വീടുള്ളതും ശുചിത്വമുള്ള ടോയ്ലറ്റ് ഇല്ലാത്തതുമായ പട്ടികജാതി കുടുംബങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്നതിനുള്ള അർഹതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly